**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

## പോലീസ് ട്രെയിനിംഗ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4173    24/10/2016-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.കെ.വി. വിജയദാസ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | പോലീസ് സേനയിലെ ക്രിമിനൽവൽക്കരണവും അഴിമതിയും അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; വിശദവിവരം നൽകുമോ ; | (എ) | പോലീസ് സ്റ്റേഷനുകളെ ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കിയും ഹെൽപ്പ് ഡസ്കുകൾ സ്ഥാപിച്ചും സ്ത്രീകൾക്കും, മുതിർന്ന പൗരജനങ്ങൾക്കും പ്രത്യേക പരിഗണനയും, നിയമവാഴ്ചയും ഉറപ്പാക്കി , അനാവശ്യബലപ്രയോഗവും മൂന്നാമുറയും അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവഴി പോലീസ് സേനയ്ക്ക് ജനകീയ മുഖം നൽകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പോലീസ് സേനയുടെ അച്ചടക്കത്തിന് നിരക്കാത്ത ഏതു പ്രവൃത്തിയിലും ഏർപ്പെടുന്നവർക്കെതിരെ വീട്ടുവീഴ്ചയില്ലാത്ത അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പോലീസ് സേനയിൽ അഴിമതി അവസാനിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് അറിവു നൽകുന്നതിനായി പോലീസ് സ്റ്റേഷനുകളിലും ഓഫീസുകളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുമുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | പോലീസ് ഉദ്യോഗസ്ഥർക്ക് വിഭാവനം ചെയ്തിട്ടുള്ള ഇൻ-സർവ്വീസ് കോഴ്സുകളിൽ പൊതുജനങ്ങളോട് നല്ല പെരുമാറ്റത്തിനു വേണ്ടിയുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി പോലീസ് ട്രെയിനിംഗ് കോളേജുകളുടെ (പി.റ്റി.സി) സിലബസ് പരിഷ്കരിച്ച് കൃത്യമായ ഇടവേളകളിൽ ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കാലഘട്ടത്തിന് അനുസൃതമായി പോലീസ് സേനയെ നവീകരിച്ച് ജനസൗഹൃദ പോലീസ് സേനയാക്കി മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | കാലഘട്ടത്തിന് അനുസൃതമായി പോലീസ് സേനയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനസൗഹൃദ പോലീസ് സൃഷ്ടിക്കുന്നതിനു വേണ്ടി ജനമൈത്രി പോലീസ് പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ